**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **04.05.2017 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 204**

## വ്യവസായ വികസനം

<u>ചോദ്യം</u>
സർവ്വശ്രീ. പി. വി. അൻവർ
എസ്. ശർമ്മ
എ പ്രദീപ് കുമാർ
ആന്റണി ജോൺ.

<u>മറുപടി</u>
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| | |
|---|---|
| (എ) സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ വിശദാംശം നൽകുമോ ; | എ) : സംസ്ഥാനത്തെ പൊതുവായ സ്ഥലദൗർലഭ്യം വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രധാന ഘടകമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ എട്ട് ബഹുനില വ്യവസായ സമുച്ചയങ്ങളാണ് നിർമ്മിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം വ്യവസായ വകുപ്പിന്റെ കീഴിലുള്ള, കിൻഫ്ര 22 വ്യവസായ പാർക്കുകളും കെ.എസ്.ഐ.ഡി.സി മൂന്നോളം പാർക്കുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വരുന്ന സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ വകുപ്പ് നാലും കിൻഫ്ര പതിനാലും കെ.എസ്.ഐ.ഡി.സി. നാലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ഏറ്റെടുത്തിട്ടുള്ള ഭൂമിയിലും മറ്റ് പതിനൊന്ന് വ്യവസായ ഏരിയ/പ്ലോട്ടുകളിലും അടിസ്ഥാന സൗകര്യ വികസനാർത്ഥം റോഡ് പണി, സബ്സ്റ്റേഷൻ നിർമ്മാണം മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടന്നു വരുന്നു. |
| (ബി) വ്യവസായ ക്ലസ്റ്റർ വികസന പദ്ധതി വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങളും അതിനായി സ്വീകരിച്ച നടപടികളും എന്തെല്ലാമാണ് ; | (ബി) : ഒരേതരം പ്രവർത്തനങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് അവർക്കാവശ്യമായ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് ക്ലസ്റ്റർ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം പ്രധാനമായും ഉദ്ദേശിക്കുന്നത്. അസംസ്കൃത വസ്തുക്കൾ, ബാങ്ക് വായ്പ, കനത്ത മുതൽമുടക്ക് വേണ്ടി വരുന്നതും |

എന്നാൽ പൊതുവായി ഉപയോഗിക്കാൻ കഴിയുന്നതുമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, ഉത്പന്ന ത്തിന്റെ വ്യപാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് ക്ലസ്റ്റർ ഡവലപ്മെന്റ് പദ്ധതി വഴി ലഭ്യമാകുന്ന പ്രധാന നേട്ടങ്ങൾ. ഇതിനായി സംസ്ഥാനത്ത് എട്ട് ക്ളസ്റ്ററുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആറ് ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്. കിൻഫ്രയുടെ കീഴിൽ കാക്കനാട്, ഇലക്ട്രോണിക്സ് ക്ലസ്റ്ററിനുവേണ്ടിയുള്ള മാനുഫാക്ചറിങ് അധിഷ്ഠിത പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) സംരംഭകത്വ വികസനത്തിനും പ്രോത്സാഹനത്തിനുമായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിവിധയിനം സംരംഭങ്ങൾക്കായുള്ള വായ്പാലഭ്യത അറിയിക്കാമോ ?

(സി) : സംരംഭകത്വ സഹായ പദ്ധതി, ബോധവത്കരണ പരിപാടികൾ, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, ടെക്നോളജി ക്ലിനിക്കുകൾ, ഇ.ഡിപി., ഇൻകുബേഷൻ സെന്ററുകൾ, വ്യവസായ വികസന പ്ലോട്ടുകൾ, ക്ലസ്റ്റർ വികസന പദ്ധതി, ഇ.ഡി ക്ലബ്ബുകൾ, എസ്.ഡബ്ല്യൂ.സി.ബി. തുടങ്ങിയ പദ്ധതികളാണ് വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നത്. വായ്പാപദ്ധതികൾ വ്യവസായ വകുപ്പ് നേരിട്ടല്ല നടപ്പിലാക്കുന്നത്. പക്ഷേ ബാങ്കുകൾ, കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ, പിന്നോക്ക വികസന കോർപ്പറേഷൻ, പട്ടിക ജാതി വികസന കോർപ്പറേഷൻ, എംപ്ലോയ്-മെന്റ് വകുപ്പ്, വനിത വികസന കോർപ്പറേഷൻ കെ.വി.ഐ.സി, കെ.വി.ഐ.ബി തുടങ്ങിയ ഏജൻസികൾ മുഖേനയാണ് ഇത്തരം വായ്പ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

സംരംഭകത്വവികസനത്തിനും പ്രോത്സാഹനത്തിനുമായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ മൂന്ന് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുക യുണ്ടായി. കൂടാതെ മാർഗ നിർദ്ദേശങ്ങളും നൂതനമായ ആശയങ്ങൾക്ക് 25 ലക്ഷം രൂപ വരെ ധനസഹായവും നൽകി വരുന്നു.

കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.